# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 54** **26.04.2017-ൽ മറുപടിക്ക്**

## ഉദയ് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ കെ.ഡി. പ്രസേനൻ<br>ശ്രീ.എം. രാജഗോപാലൻ | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | ഊർജ്ജ വിതരണ കമ്പനികളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനായുള്ള ഉദയ് പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; | (എ) | ഊർജ്ജ വിതരണ കമ്പനികളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനുള്ള ഉദയ് പദ്ധതിയിൽ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുക മാത്രം ലക്ഷ്യമാക്കി ആയതിൽ ചേരുന്നതിനുള്ള ധാരണാപത്രത്തിൽ 15.03.2017-ൽ സംസ്ഥാന സർക്കാർ ഒപ്പ് വച്ചിട്ടുണ്ട്. |
| (ബി) | ഉദയ് പദ്ധതി പ്രകാരം വൈദ്യുതി വിതരണ കമ്പനികളുടെ നടത്തിപ്പിലും ധനകാര്യ ഭദ്രതയ്ക്കായും സംസ്ഥാന സർക്കാർ നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിനായി നിശ്ചയിച്ചിട്ടുള്ള സമയ രേഖയും വ്യക്തമാക്കാമോ; | (ബി) | ഉദയ് പദ്ധതിയിലെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തനമികവ് വർദ്ധിപ്പിയ്ക്കാനുള്ള ഭാഗത്തിൽ പങ്ക് ചേരുന്നതിനുള്ള കേരളത്തിന്റെ സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിക്കുകയും അതുപ്രകാരം ഉദയ് പദ്ധതിയിൽ കേരളം ഒപ്പ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. സമ്പത്തിക ക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ധാരണാപത്രത്തിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാൽ കടപത്രം ഇറക്കുന്നതുൾപ്പെടെയുള്ള ഉത്തരവാദിത്തങ്ങളിൽ നിന്നും സംസ്ഥാനത്തെ ഒഴിവാക്കിയിട്ടുണ്ട്. ഉദയ് പദ്ധതിക്കു വേണ്ടിയുള്ള ധാരണാപത്രം അനുസരിച്ച് സംസ്ഥാന സർക്കാർ വിതരണ കമ്പനിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>(1) എല്ലാ മുൻസിപ്പൽ ടൗണുകളിലെയും, സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി ലൈറ്റുകൾ ആക്കി മാറ്റുക. |

| | | | |
|---|---|---|---|
| | | | (2) സംസ്ഥാന വൈദ്യുത ഉല്പാദക കമ്പനികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.<br>(3) സർക്കാർ വകുപ്പുകൾക്ക് വൈദ്യുതി നൽകിയതുമായി ബന്ധപ്പെട്ട് കെ. എസ്. ഇ. ബി-യ്ക്ക് നൽകാനുള്ള മുഴുവൻ കുടിശ്ശികയും 31.03.2019-ന് മുൻപ് കൊടുത്തു തീർക്കുക.<br>(4) കാലാകാലങ്ങളിൽ നടപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള താരിഫ് റിവിഷനുകൾ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.<br>(5) ധാരണാപത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവർത്തന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.<br>(6) കെ.എസ്.ഇ.ബി-യുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും ഫിനാൻസ് കാര്യാലയത്തിന്റെ സാന്നിദ്ധ്യത്തിൽ വിലയിരുത്തുക. |
| (സി) | പാദവാർഷികാടിസ്ഥാനത്തിൽ നിരക്ക് പരിഷ്കരണം വേണമെന്നും വൈദ്യുതി ഉല്പാദന വിതരണത്തിന്റെ ചെലവ് പൂർണ്ണമായും ലഭിക്കത്തക്ക രീതിയിൽ വില ഈടാക്കണമെന്നുമുള്ള കേന്ദ്ര സർക്കാർ വ്യവസ്ഥക്ക് മാറ്റം വരുത്തിയിട്ടുണ്ടോ? | (സി) | ഇന്ധന വിലയിൽ വർദ്ധനവുണ്ടാവുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് പാദവാർഷികാടിസ്ഥാനത്തിൽ നിരക്ക് പരിഷ്കരണത്തിന് ഉദയ് ധാരണാപത്രത്തിൽ നിർദ്ദേശമുണ്ട്. വിതരണ കമ്പനിയുടെ വൈദ്യുതി വാങ്ങലിലും വിൽക്കലിലും ഉള്ള ശരാശരി വിലയിലെ അന്തരം സമയബന്ധിതമായി പരിഹരിയ്ക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

Kennedy (signature)

സെക്ഷൻ ഓഫീസർ